പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 08/10/2018

വിഷയം :-വായനയുടെ വസന്തം - സ്കൂൾ ലൈബ്രറി പദ്ധതി 2018-19 -- പുസ്തകം തെരഞ്ഞെടുത്ത് ഇൻഡന്റ് സമർപ്പിക്കുന്നതിനുള്ള മാർഗ നിർദേശം - സംബന്ധിച്ച്

സൂചന :

## സർക്കുലർ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പ് അധ്യയന വർഷത്തിൽ സർക്കാർ യു.പി സ്കൂളുകളിൽ 5,6,7 ക്ലാസ്സുകളിൽ തയ്യാറാക്കുന്ന ക്ലാസ്സ് റൂം ലൈബ്രറികളിലും സർക്കാർ ഹൈസ്കൂളുകളിൽ പൊതുലൈബ്രറികളിലും പുസ്തകം വാങ്ങി നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി തയ്യാറാക്കിയ ഓൺലൈൻ പോർട്ടൽ സംവിധാനം ഉപയോഗിച്ചാണ് സ്കൂളുകൾ 9.10.2018 മുതൽ 12.10.2018 വരെ പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് സമർപ്പിക്കേണ്ടത്. ഇങ്ങനെ സമർപ്പിക്കുന്ന ഇൻഡന്റ് പ്രകാരമുള്ള പുസ്തകങ്ങൾ ജില്ലകളിൽ സംഘടിപ്പിക്കുന്ന ബുക്ക് ഫെയറിൽ വച്ച് വിതരണം ചെയ്യുന്നതും സ്കൂൾ അധികൃതർ അതാത് ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ഏറ്റ് വാങ്ങേണ്ടതുമാണ്. ബുക്ക് ഫെയർ തീയതി പിന്നീട് അറിയിക്കുന്നതാണ്.

**പുസ്തകം സെലക്റ്റ് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.**

**http://dpi.kerala.gov.in** എന്ന url ടൈപ്പ് ചെയ്യുക
**keralaschoollibrary@gmail.com** എന്ന ഇ-മെയിൽ ID യിൽ നിന്നും അയച്ച് തന്നിട്ടുള്ള യൂസർ ഐ ഡി യും പാസ് വേഡും ടൈപ്പ് ചെയ്ത് ലോഗ് ഇൻ ചെയ്യുക.
(സ്കൂളുകൾ നൽകിയിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ യൂസർ ഐ ഡി യും പാസ് വേഡും അയച്ചിട്ടുണ്ട് )

ആയതിന് ശേഷം ഹൈസ്കൂളുകൾക്കും യു.പി.സ്കൂളുകൾക്കും ചുവടെ കൊടുത്തിട്ടുള്ള നിർദേശങ്ങൾ കൃത്യമായി പാലിക്കുക.

### ഹൈസ്കൂൾ (പൊതു ലൈബ്രറി)

ലോഗ് ഇൻ ചെയ്യതിനു ശേഷമുള്ള വിൻഡോ ശ്രദ്ധിക്കുക.
ഹെഡർ ലൈനിന്റെ (ഏറ്റവും മുകളിൽ കാണുന്ന ഭാഗം) വലത് വശത്ത് **My Account** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക.

**account details** എന്ന തലക്കെട്ടിനു താഴെ സ്കൂളിന്റെ പേരും HM ന്റെ ഫോൺ നമ്പറും സ്കൂൾ ഇ-മെയിൽ ഐ ഡി യും കാണാൻ സാധിക്കും. അതിനു തൊട്ടു താഴെ എത്ര രൂപക്കുള്ള പുസ്തകങ്ങൾ വാങ്ങാമെന്ന് **Amount Allotted** എന്ന കോളത്തിൽ കൊടുത്തിട്ടുണ്ട്. ഹൈസ്കൂളുകളിൽ 45000 രൂപയുടെ പുസ്തകങ്ങളാണ് തെരഞ്ഞെടുക്കാവുന്നത്. ഇതിൽ 25 % പുസ്തകങ്ങൾ നിർബന്ധമായും ഇംഗ്ലീഷ് പുസ്തകങ്ങൾ

ആയിരിക്കണം. (പ്രളയ ബാധിത സ്കൂളുകളിൽ 70000/- രൂപയുടെ പുസ്തകങ്ങൾ ആണ് നൽകുന്നത്)

ഏറ്റവും താഴെ, ആവശ്യമെങ്കിൽ പാസ് വേഡ് മാറ്റുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ പാസ് വേഡ് മാറ്റാവുന്നതും അല്ലെങ്കിൽ നിലവിൽ നൽകിയിട്ടുള്ള പാസ് വേഡ് ഉപയോഗിക്കാവുന്നതുമാണ്.

പുസ്തകം സെലക്റ്റ് ചെയ്യ് തുടങ്ങുന്നതിനായി **HOME** ബട്ടൺ ക്ലിക്ക് ചെയ്യുക.

ഇതിനായി ഹെഡർ ലൈനിന്റെ (ഏറ്റവും മുകളിൽ കാണുന്ന ഭാഗം) ഇടത് വശത്ത് **"DPI Online Book Store വായനയുടെ വസന്തം"** എന്ന ഐക്കൺ **HOME** ബട്ടൺ ആയി ഉപയോഗിക്കേണ്ടതാണ്.

ഹെഡ്ഡർ ലൈനിനു താഴെ ഇടത് വശത്ത് കാണുന്ന കോളത്തിൽ 5 വിഭാഗമുണ്ട്.

ആദ്യമായി **"ഭാഷ"** (ഇതിൽ ക്ലിക്ക് ചെയ്യ് **മലയാളം** അല്ലെങ്കിൽ **English** സെലക്റ്റ് ചെയ്യാം) തെരഞ്ഞെടുക്കുക. (ആദ്യം English സെലക്റ്റ് ചെയ്യുന്നതാണ് ഉചിതം.)

**English** സെലക്റ്റ് ചെയ്യ് കഴിഞ്ഞാൽ തൊട്ടു താഴെ കാണുന്ന Book Categories എന്ന കോളത്തിൽ നിന്നും **General English (CL)** എന്ന വിഭാഗം തെരഞ്ഞെടുക്കുക. (CL എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സെൻട്രൽ ലൈബ്രറി എന്നാണ്)

**Show Books/സേർച്ച്** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക

ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ വലത് വശത്തുള്ള ഭാഗത്ത് 50 പുസ്തകങ്ങളുടെ പേര് കാണാൻ കഴിയും. താഴേക്ക് സ്ക്രോൾ ചെയ്താൽ ആകെ എത്ര പേജ് ഉണ്ടെന്നും ആകെ എത്ര പേജ് ഇംഗ്ലീഷ് പുസ്തകങ്ങൾ ഉണ്ടെന്നും കാണാൻ കഴിയും. (Page 7 - Showing Result 50 out of 342 എന്ന് കാണാം) തൊട്ടടുത്ത പേജിലേക്ക് പോകാൻ ബുക്ക് സീരിയൽ നമ്പറിന് തൊട്ടു മുകളിൽ കാണുന്ന പേജ് നമ്പറിൽ " 1 " എന്ന നമ്പറിന് മുകളിൽ ക്ലിക്ക് ചെയ്യുക. ആകെ 7 പേജ് ഉണ്ടെന്ന് കാണാൻ കഴിയും. 2 മുതൽ 7 വരെ പേജുകളിലേക്ക് ഇങ്ങനെ പോകാൻ കഴിയുന്നതാണ്.

ഓരോ പേജിലും കാണുന്ന 50 പുസ്തകങ്ങളിൽ നിന്നും ആവശ്യമായ പുസ്തകത്തിന്റെ ഏറ്റവും വലത് വശത്ത് **Select** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യ് പുസ്തകങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

ഓരോ പുസ്തകവും തെരഞ്ഞെടുക്കുമ്പോൾ ഇടത് വശത്ത് **Show Books/സേർച്ച്** എന്ന ബട്ടനു തൊട്ടുതാഴെ കാണുന്ന **Remaining Amount** എന്ന കോളത്തിൽതെരഞ്ഞെടുക്കുന്ന പുസ്തകത്തിന്റെ വില അനുസരിച്ച് തുക കുറഞ്ഞു കൊണ്ടിരിക്കുന്നതായി കാണാം. അതോടൊപ്പം ഹെഡ്ഡർ ലൈനിന്റെ മധ്യ ഭാഗത്തായി കാണുന്ന **Your Cart** എന്ന ഐക്കണിന് നേരെ തുക കൂടി വരുന്നതും കാണാൻ കഴിയും.

**Remaining Amount** എന്ന കോളത്തിനു തൊട്ടു താഴെ **English books** എന്ന കോളത്തിൽ സെലക്റ്റ് ചെയ്യ ഇംഗ്ലീഷ് പുസ്തകങ്ങളുടെ ആകെ തുകയും ബ്രാക്കറ്റിൽ ശതമാനവും കാണാൻ കഴിയും. സെലക്റ്റ് ചെയ്യ ഇംഗ്ലീഷ് പുസ്തകങ്ങൾ 25 % ൽ അധികമാകാതെ ശ്രദ്ധിക്കണം. 25 % എത്തിയാൽ **"ഭാഷ" "മലയാളം"** സെലക്റ്റ് ചെയ്യ് ബാക്കിയുള്ള തുകക്ക് മലയാളം പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. **നാടകം, യാത്ര, റഫറൻസ്, കവിത, കഥ, ജീവചരിത്രം/ഓർമ്മ, നോവൽ, വിജ്ഞാന സാഹിത്യം** എന്നീ വിഭാഗങ്ങളിൽ നിന്നും നേരത്തെ സൂചിപ്പിച്ച തരത്തിൽ പുസ്തകങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

*അല്ലെങ്കിൽ;*

*ഹെഡ്ഡർ ലൈനിനു തൊട്ടു താഴെ മലയാള അക്ഷരമാലയും ഇംഗ്ലീഷ് അക്ഷരമാലയും കൊടുത്തിട്ടുണ്ട്. ഇതിൽ മലയാള അക്ഷരങ്ങളിൽ ഒന്നിൽ ക്ലിക്ക് ചെയ്യ് ആ അക്ഷരത്തിൽ തുടങ്ങുന്ന പുസ്തകങ്ങളും ഇംഗ്ലീഷ് അക്ഷരത്തിൽ ക്ലിക്ക് ചെയ്യ് ആ അക്ഷരത്തിൽ തുടങ്ങുന്ന പുസ്തകങ്ങളും സെലക്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്*

അനുവദിച്ചിട്ടുള്ള ആകെ തുകക്കുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്തതിന് ശേഷം **Your Cart** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക. തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റ് കാണാൻ സാധിക്കും.

തെരഞ്ഞെടുത്ത പുസ്തങ്ങളിൽ ഒന്ന് ഒഴിവാക്കി മറ്റൊന്ന് തെരഞ്ഞെടുക്കണമെങ്കിൽ, ഒഴിവാക്കേണ്ട പുസ്തകത്തിന്റെ പേരിന് നേരെ ഏറ്റവും വലത് വശത്ത് കാണുന്ന **Delete** എന്ന ഐക്കൺ ക്ലിക്ക് ചെയ്യുക.

വീണ്ടും **Home** ബട്ടണിൽ ക്ലിക്ക് ചെയ്യ് ഒഴിവാക്കിയ പുസ്തകത്തിനു പകരം മറ്റൊന്ന് തെരഞ്ഞെടുക്കുക.

വീണ്ടും **Your Cart** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക.

ആ ലിസ്റ്റിന് മുകളിൽ ഇടത് വശത്തായി **Order Now** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യ് ഇൻഡന്റ്

ചെയ്യുന്ന പ്രക്രിയ പൂർത്തിയാക്കാം.

ഇൻഡന്റ് നല്കിക്കഴിഞ്ഞാൽ പിന്നീട് തെരഞ്ഞെടുത്ത പുസ്തകങ്ങളിൽ ഒന്ന് ഒഴിവാക്കി മറ്റൊന്ന് തെരഞ്ഞെടുക്കാൻ സാധിക്കില്ല.

വീണ്ടും **My Account** എന്ന ഹെഡ്ഡർ ലൈനിലെ ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ ബുക്ക് ഓർഡർ ഡീറ്റെയിൽസ് കാണാൻ സാധിക്കും. ഇങ്ങനെ ഇന്റന്റ് ചെയ്യുന്ന ഓർഡർ പൊതുവിദ്യാഭ്യാസ ഡയറക്ടർ **Confirm** ചെയ്യുന്ന മുറക്ക് ബന്ധപ്പെട്ട പ്രസാധകർക്ക് ഓർഡർ പോകുന്നതോടൊപ്പം സ്കൂൾ ഇ-മെയിലിലേക്കും ഒരു പകർപ്പ് ലഭ്യമാകുന്നതാണ്. സ്കൂൾ അധികൃതർ ആയതിന്റെ പ്രിന്റ് ഔട്ട് എടുക്കേണ്ടതും ജില്ലകളിൽ നടത്തുന്ന ബുക്ക് ഫെയറിൽ വച്ച് പരിശോധിച്ച് ഇന്റന്റ് ചെയ്ത പുസ്തകങ്ങൾ ശേഖരിച്ച് കൊണ്ട് പോകേണ്ടതുമാണ്.

**<u>യു പി സ്കൂൾ (ക്ലാസ്സ് റൂം ലൈബ്രറി)</u>**

ലോഗ് ഇൻ ചെയ്തതിനു ശേഷമുള്ള വിൻഡോ ശ്രദ്ധിക്കുക.

ഹെഡർ ലൈനിന്റെ (ഏറ്റവും മുകളിൽ കാണുന്ന ഭാഗം) വലത് വശത്ത് **My Account** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക.

**account details** എന്ന തലക്കെട്ടിനു താഴെ സ്കൂളിന്റെ പേരും HM ന്റെ ഫോൺ നമ്പറും സ്കൂൾ ഇ-മെയിൽ ഐ ഡി യും കാണാൻ സാധിക്കും. അതിനു തൊട്ടു താഴെ എത്ര രൂപക്കുള്ള പുസ്തകങ്ങൾ വാങ്ങാമെന്ന് **Amount Allotted** എന്ന കോളത്തിൽ കൊടുത്തിട്ടുണ്ട്. യു പി സ്കൂളുകളിൽ ക്ലാസ്സ് ഡിവിഷനുകളുടെ എണ്ണത്തിന് അനുസരിച്ച് ആണ് തുക നിശ്ചയിച്ചിരിക്കുന്നത്.

(ഒരു ക്ലാസ് റൂമിനു 4750/- രൂപക്കുള്ള പുസ്തകങ്ങൾ ആണ് നൽകുന്നത്. 5,6,7 ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകൾ ഉണ്ടെങ്കിൽ 3*4750/- രൂപക്കുള്ള പുസ്തകങ്ങളും 2 ഡിവിഷനുകൾ വീതം ഉണ്ടെങ്കിൽ 6*4750/- രൂപക്കുള്ള പുസ്തകങ്ങളും നൽകും. അതായത് ആകെ അനുവദിച്ചിട്ടുള്ള തുക ഡിവിഷനുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. ആയതിനാൽ 5,6,7 ക്ലാസ്സുകളിലെ ആകെ ഡിവിഷന് ആനുപാതികമായ തുക അനുവദിച്ചതായി കാണുന്നില്ല എങ്കിലും, ആനുപാതികമായതിൽ അധികം തുക അനുവദിച്ചതായി കാണുന്നുവെങ്കിലും ഈ ഓഫിസിൽ അറിയിച്ചതിനു ശേഷം മാത്രം ഇന്റന്റ് ചെയ്ത് തുടങ്ങിയാൽ മതിയാകുന്നതാണ്)

ഏറ്റവും താഴെ, ആവശ്യമെങ്കിൽ പാസ് വേഡ് മാറ്റുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ പാസ് വേഡ് മാറ്റാവുന്നതും അല്ലെങ്കിൽ നിലവിൽ നൽകിയിട്ടുള്ള പാസ് വേഡ് ഉപയോഗിക്കാവുന്നതുമാണ്.

പുസ്തകം സെലക്റ്റ് ചെയ്ത് തുടങ്ങുന്നതിനായി **HOME** ബട്ടൺ ക്ലിക്ക് ചെയ്യുക.

ഇതിനായി ഹെഡർ ലൈനിന്റെ (ഏറ്റവും മുകളിൽ കാണുന്ന ഭാഗം) ഇടത് വശത്ത് **"DPI Online Book Store വായനയുടെ വസന്തം"** എന്ന ഐക്കൺ **HOME** ബട്ടൺ ആയി ഉപയോഗിക്കേണ്ടതാണ്.

ഹെഡ്ഡർ ലൈനിനു താഴെ ഇടത് വശത്ത് കാണുന്ന കോളത്തിൽ 5 വിഭാഗമുണ്ട്.

ആദ്യമായി **"ഭാഷ"** (ഇതിൽ ക്ലിക്ക് ചെയ്ത് **മലയാളം** അല്ലെങ്കിൽ **English** സെലക്റ്റ് ചെയ്യാം) തെരഞ്ഞെടുക്കുക. (ആദ്യം English സെലക്റ്റ് ചെയ്യുന്നതാണ് ഉചിതം.)

**English** സെലക്റ്റ് ചെയ്ത് കഴിഞ്ഞാൽ തൊട്ടു താഴെ കാണുന്ന **Book Categories** എന്ന കോളത്തിൽ നിന്നും **General English (CRL)** എന്ന വിഭാഗം തെരഞ്ഞെടുക്കുക. (CRL എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ക്ലാസ്സ് റൂം ലൈബ്രറി എന്നാണ്)

**Show Books/സേർച്ച്** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക

ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ വലത് വശത്തുള്ള ഭാഗത്ത് 50 പുസ്തകങ്ങളുടെ പേര് കാണാൻ കഴിയും. താഴേക്ക് സ്ക്രോൾ ചെയ്താൽ ആകെ എത്ര പേജ് ഉണ്ടെന്നും ആകെ എത്ര പേജ് ഇംഗ്ലീഷ് പുസ്തകങ്ങൾ ഉണ്ടെന്നും കാണാൻ കഴിയും. തൊട്ടടുത്ത പേജിലേക്ക് പോകാൻ ബുക്ക് സീരിയൽ നമ്പറിന് തൊട്ടു മുകളിൽ കാണുന്ന പേജ് നമ്പറിൽ " 1 " എന്ന നമ്പറിന് മുകളിൽ ക്ലിക്ക് ചെയ്യുക. ആകെയുള്ള

പേജുകളുടെ എണ്ണം കാണാൻ കഴിയും. ആവശ്യമുള്ള പേജ് നമ്പറിൽ ക്ലിക്ക് ചെയ്താൽ ആ പേജിലേക്ക് നേരിട്ട് പോകാൻ കഴിയും.

ഓരോ പേജിലും കാണുന്ന 50 പുസ്തകങ്ങളിൽനിന്നും ഏറ്റവും വലത് വശത്ത് **Select** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

ഓരോ പുസ്തകവും തെരഞ്ഞെടുക്കുമ്പോൾ ഇടത് വശത്ത് **Show Books/സെർച്ച്** എന്ന ബട്ടനു തൊട്ടുതാഴെ കാണുന്ന **Remaining Amount** എന്ന കോളത്തിൽതെരഞ്ഞെടുക്കുന്ന പുസ്തകത്തിന്റെ വില അനുസരിച്ച് തുക കുറഞ്ഞു കൊണ്ടിരിക്കുന്നതായി കാണാം. അതോടൊപ്പം ഹെഡ്ഡർ ലൈനിന്റെ മധ്യ ഭാഗത്തായി കാണുന്ന **Your Cart** എന്ന ഐക്കണിന് നേരെ തുക കൂടി വരുന്നതും കാണാൻ കഴിയും.

**Remaining Amount** എന്ന കോളത്തിനു തൊട്ടു താഴെ **English books** എന്ന കോളത്തിൽ സെലക്ട് ചെയ്ത ഇംഗ്ലീഷ് പുസ്തകങ്ങളുടെ ആകെ തുകയും ബ്രാക്കറ്റിൽ ശതമാനവും കാണാൻ കഴിയും. സെലക്ട് ചെയ്ത ഇംഗ്ലീഷ് പുസ്തകങ്ങൾ 25 % ൽ അധികമാകാതെ ശ്രദ്ധിക്കണം. 25 % എത്തിയാൽ **"ഭാഷ" "മലയാളം"** സെലക്ട് ചെയ്ത് ബാക്കിയുള്ള തുകക്ക് മലയാളം പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. **"ബാലസാഹിത്യം"** എന്ന വിഭാഗങ്ങളിൽ നിന്നും നേരത്തെ സൂചിപ്പിച്ച തരത്തിൽ പുസ്തകങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

*അല്ലെങ്കിൽ;*

*ഹെഡ്ഡർ ലൈനിനു തൊട്ടു താഴെ മലയാള അക്ഷരമാലയും ഇംഗ്ലീഷ് അക്ഷരമാലയും കൊടുത്തിട്ടുണ്ട്. ഇതിൽ മലയാള അക്ഷരങ്ങളിൽ ഒന്നിൽ ക്ലിക്ക് ചെയ്ത് ആ അക്ഷരത്തിൽ തുടങ്ങുന്ന പുസ്തകങ്ങളും ഇംഗ്ലീഷ് അക്ഷരത്തിൽ ക്ലിക്ക് ചെയ്ത് ആ അക്ഷരത്തിൽ തുടങ്ങുന്ന പുസ്തകങ്ങളും സെലക്ട് ചെയ്യാൻ സാധിക്കുന്നതാണ്*

അനുവദിച്ചിട്ടുള്ള ആകെ തുകക്കുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്തതിന് ശേഷം **Your Cart** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക. തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റ് കാണാൻ സാധിക്കും.

തെരഞ്ഞെടുത്ത പുസ്തങ്ങളിൽ ഒന്ന് ഒഴിവാക്കി മറ്റൊന്ന് തെരഞ്ഞെടുക്കണമെങ്കിൽ, ഒഴിവാക്കേണ്ട പുസ്തകത്തിന്റെ പേരിന് നേരെ ഏറ്റവും വലത് വശത്ത് കാണുന്ന **Delete** എന്ന ഐക്കൺ ക്ലിക്ക് ചെയ്യുക.

വീണ്ടും **Home** ബട്ടണിൽ ക്ലിക്ക് ചെയ്ത് ഒഴിവാക്കിയ പുസ്തകത്തിനു പകരം മറ്റൊന്ന് തെരഞ്ഞെടുക്കുക.

വീണ്ടും **Your Cart** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക.

ആ ലിസ്റ്റിന് മുകളിൽ ഇടത് വശത്തായി **Order Now** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് ഇൻഡന്റ് ചെയ്യുന്ന പ്രക്രിയ പൂർത്തിയാക്കാം.

ഇൻഡന്റ് നല്കിക്കഴിഞ്ഞാൽ പിന്നീട് തെരഞ്ഞെടുത്ത പുസ്തങ്ങളിൽ ഒന്ന് ഒഴിവാക്കി മറ്റൊന്ന് തെരഞ്ഞെടുക്കാൻ സാധിക്കില്ല.

വീണ്ടും **My Account** എന്ന ഹെഡ്ഡർ ലൈനിലെ ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ ബുക്ക് ഓർഡർ ഡീറ്റെയിൽസ് കാണാൻ സാധിക്കും. ഇങ്ങനെ ഇന്റന്റ് ചെയ്യുന്ന ഓർഡർ പൊതുവിദ്യാഭ്യാസ ഡയറക്ടർ Confirm ചെയ്യുന്ന മുറക്ക് ബന്ധപ്പെട്ട പ്രസാധകർക്ക് ഓർഡർ പോകുന്നതോടൊപ്പം സ്കൂൾ ഇ-മെയിലിലേക്കും ഒരു പകർപ്പ് ലഭ്യമാകുന്നതാണ്. സ്കൂൾ അധികൃതർ ആയതിന്റെ പ്രിന്റ് ഔട്ട് എടുക്കേണ്ടതും ജില്ലകളിൽ നടത്തുന്ന ബുക്ക് ഫെയറിൽ വച്ച് പരിശോധിച്ച് ഇന്റന്റ് ചെയ്ത പുസ്തകങ്ങൾ ശേഖരിച്ച് കൊണ്ട് പോകേണ്ടതുമാണ്.

**കൂടുതൽ വിവരങ്ങൾക്ക് keralaschoollibrary@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471 2580535, 9745407545 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.**

*പൊതുവിദ്യാഭ്യാസ ഡയറക്ടർ*

To,

1.എല്ലാ സർക്കാർ യു.പി/ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും

2.എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - സ്കൂൾ അധികൃതർ സമയബന്ധിതമായി ഇന്റന്റ് ചെയ്യുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്

പേജുകളുടെ എണ്ണം കാണാൻ കഴിയും. ആവശ്യമുള്ള പേജ് നമ്പറിൽ ക്ലിക്ക് ചെയ്താൽ ആ പേജിലേക്ക് നേരിട്ട് പോകാൻ കഴിയും.

ഓരോ പേജിലും കാണുന്ന 50 പുസ്തകങ്ങളിൽനിന്നും ഏറ്റവും വലത് വശത്ത് **Select** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

ഓരോ പുസ്തകവും തെരഞ്ഞെടുക്കുമ്പോൾ ഇടത് വശത്ത് **Show Books/സേർച്ച്** എന്ന ബട്ടനു തൊട്ടുതാഴെ കാണുന്ന **Remaining Amount** എന്ന കോളത്തിൽതെരഞ്ഞെടുക്കുന്ന പുസ്തകത്തിന്റെ വില അനുസരിച്ച് തുക കുറഞ്ഞു കൊണ്ടിരിക്കുന്നതായി കാണാം. അതോടൊപ്പം ഹെഡ്ഡർ ലൈനിന്റെ മധ്യ ഭാഗത്തായി കാണുന്ന **Your Cart** എന്ന ഐക്കണിന് നേരെ തുക കൂടി വരുന്നതും കാണാൻ കഴിയും.

**Remaining Amount** എന്ന കോളത്തിനു തൊട്ട് താഴെ **English books** എന്ന കോളത്തിൽ സെലക്ട് ചെയ്ത ഇംഗ്ലീഷ് പുസ്തകങ്ങളുടെ ആകെ തുകയും ബ്രാക്കറ്റിൽ ശതമാനവും കാണാൻ കഴിയും. സെലക്ട് ചെയ്ത ഇംഗ്ലീഷ് പുസ്തകങ്ങൾ 25 % ൽ അധികമാകാതെ ശ്രദ്ധിക്കണം. 25 % എത്തിയാൽ **"ഭാഷ" "മലയാളം"** സെലക്ട് ചെയ്ത് ബാക്കിയുള്ള തുകക്ക് മലയാളം പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. **"ബാലസാഹിത്യം"** എന്ന വിഭാഗങ്ങളിൽ നിന്നും നേരത്തെ സൂചിപ്പിച്ച തരത്തിൽ പുസ്തകങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

*അല്ലെങ്കിൽ;*

*ഹെഡ്ഡർ ലൈനിനു തൊട്ട് താഴെ മലയാള അക്ഷരമാലയും ഇംഗ്ലീഷ് അക്ഷരമാലയും കൊടുത്തിട്ടുണ്ട്. ഇതിൽ മലയാള അക്ഷരങ്ങളിൽ ഒന്നിൽ ക്ലിക്ക് ചെയ്ത് ആ അക്ഷരത്തിൽ തുടങ്ങുന്ന പുസ്തകങ്ങളും ഇംഗ്ലീഷ് അക്ഷരത്തിൽ ക്ലിക്ക് ചെയ്ത് ആ അക്ഷരത്തിൽ തുടങ്ങുന്ന പുസ്തകങ്ങളും സെലക്ട് ചെയ്യാൻ സാധിക്കുന്നതാണ്*

അനുവദിച്ചിട്ടുള്ള ആകെ തുകക്കുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്തതിന് ശേഷം **Your Cart** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക. തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റ് കാണാൻ സാധിക്കും.

തെരഞ്ഞെടുത്ത പുസ്തങ്ങളിൽ ഒന്ന് ഒഴിവാക്കി മറ്റൊന്ന് തെരഞ്ഞെടുക്കണമെങ്കിൽ, ഒഴിവാക്കേണ്ട പുസ്തകത്തിന്റെ പേരിന് നേരെ ഏറ്റവും വലത് വശത്ത് കാണുന്ന **Delete** എന്ന ഐക്കൺ ക്ലിക്ക് ചെയ്യുക.

വീണ്ടും **Home** ബട്ടണിൽ ക്ലിക്ക് ചെയ്ത് ഒഴിവാക്കിയ പുസ്തകത്തിനു പകരം മറ്റൊന്ന് തെരഞ്ഞെടുക്കുക.

വീണ്ടും **Your Cart** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക.

ആ ലിസ്റ്റിന് മുകളിൽ ഇടത് വശത്തായി **Order Now** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് ഇൻഡന്റ് ചെയ്യുന്ന പ്രക്രിയ പൂർത്തിയാക്കാം.

ഇൻഡന്റ് നല്കിക്കഴിഞ്ഞാൽ പിന്നീട് തെരഞ്ഞെടുത്ത പുസ്തങ്ങളിൽ ഒന്ന് ഒഴിവാക്കി മറ്റൊന്ന് തെരഞ്ഞെടുക്കാൻ സാധിക്കില്ല.

വീണ്ടും **My Account** എന്ന ഹെഡ്ഡർ ലൈനിലെ ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ ബുക്ക് ഓർഡർ ഡീറ്റെയിൽസ് കാണാൻ സാധിക്കും. ഇങ്ങനെ ഇന്റന്റ് ചെയ്യുന്ന ഓർഡർ പൊതുവിദ്യാഭ്യാസ ഡയറക്ടർ Confirm ചെയ്യുന്ന മുറക്ക് ബന്ധപ്പെട്ട പ്രസാധകർക്ക് ഓർഡർ പോകുന്നതോടൊപ്പം സ്കൂൾ ഇ-മെയിലിലേക്കും ഒരു പകർപ്പ് ലഭ്യമാകുന്നതാണ്. സ്കൂൾ അധികൃതർ ആയതിന്റെ പ്രിന്റ് ഔട്ട് എടുക്കേണ്ടതും ജില്ലകളിൽ നടത്തുന്ന ബുക്ക് ഫെയറിൽ വച്ച് പരിശോധിച്ച് ഇന്റന്റ് ചെയ്ത പുസ്തകങ്ങൾ ശേഖരിച്ച് കൊണ്ട് പോകേണ്ടതുമാണ്.

**കൂടുതൽ വിവരങ്ങൾക്ക് keralaschoollibrary@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471 2580535, 9745407545 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.**

***പൊതുവിദ്യാഭ്യാസ ഡയറക്ടർ***

To,

1.എല്ലാ സർക്കാർ യു.പി/ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും

2.എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - സ്കൂൾ അധികൃതർ സമയബന്ധിതമായി ഇന്റന്റ് ചെയ്യുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്